**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2353** **07-07-2022 - ൽ മറുപടിയ്ക്ക്**

**ആലുവ-മൂന്നാർ റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് മുഖേന നവീകരിക്കുന്ന ആലുവ-മൂന്നാർ റോഡിനായുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (എ) | പ്രസ്തുത പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു വരുന്നതേയുള്ളൂ. ടി പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ നടപടിക്കു വേണ്ടിയുള്ള അർത്ഥന പത്രം എസ് പി വി (SPV) ആയ കെ.ആർ.എഫ്.ബി (KRFB) ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ്. |
| (ബി) | ഭൂമിയേറ്റെടുക്കലിനായി ഉദ്യോഗസ്ഥ സംഘത്തെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | അർത്ഥന പത്രം നൽകി ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്ന ഘട്ടത്തിൽ ആവശ്യമായ ഉദ്യോഗസ്ഥരെ ജില്ലാ കളക്ടർ നിയോഗിക്കുന്നതാണ്. |
| (സി) | ഭൂമിയേറ്റെടുക്കൽ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | ടി പദ്ധതി നിലവിൽ പ്രാരംഭ ഘട്ടത്തിൽ ആയതിനാൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതിനു വേണ്ടിയുള്ള കാലാവധി തിട്ടപ്പെടുത്തുവാൻ ഇപ്പോൾ നിർവാഹമില്ല. |

സെക്ഷൻ ഓഫീസർ